# Athmaraksha.org

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം-ജൂൺ

June 30



ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം: ജൂൺ 30

## നാം പരിശുദ്ധ കന്യകാമറിയത്തിന്റെ ഭക്തരാകണമെന്ന് ഈശോയുടെ ദിവഹൃദയം ആഗ്രഹിക്കുന്നു

ഈ തീയതി വരെ ഈശോയുടെ ദിവ്യഹൃദയത്തിലെ പുണ്യങ്ങളാലും ഈ ദിവ്യഹൃദയം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നവയെയും പറ്റി ധ്യാനിച്ചശേഷം ഈ അവസാന ധ്യാനത്തിൽ മിശിഹായുടെ ദിവ്യഹൃദയം തന്റെ മാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെ നേരെ നാം ഭക്തിയായിരിക്കുവാൻ അത്യന്തം ആഗ്രഹിക്കുന്നുവെന്നതിൻമേൽ സംക്ഷേപമായി ധ്യാനിക്കാം. ബർണ്ണാദു പുണ്യവാൻ പ്രസ്താവിക്കുന്നതുപോലെ 'കന്യാസ്ത്രീ മറിയം നിത്യവചനത്തിന്റെ മാതാവാകുന്നതിനു സമ്മതം കൊടുത്ത ആ ക്ഷണം മുതൽ ഭൂമിയുടെ മേൽ അധികാരത്തിനും ലോകപരിപാലനയ്ക്കും സമസ്ത സൃഷ്ടികളുടെയും മേൽ ഭരണത്തിനും യോഗ്യയായിത്തീർന്നു. ഈശോ മിശിഹായുടെയും മറിയത്തിന്റെയും മാംസം ഒന്നായിരിക്കയിൽ പുത്രന്റെ ഭരണത്തിൽ നിന്ന്! അമ്മയെ വേർതിരിക്കാൻ പാടുള്ളതല്ല. അതിനാൽ രാജമഹിമ പുത്രനും അമ്മയ്ക്കും പൊതുവായി ഞാൻ വിചാരിക്കുന്നു. അത് ഒന്നുതന്നെയാണെന്നാണ് എന്റെ അഭിപ്രായം.'

ബർണ്ണദീനോ ദെസ്യേന എന്ന പുണ്യവാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു, 'ദൈവത്തെ ശുശ്രൂഷിക്കുന്ന സൃഷ്ടികൾ എത്രയായിരിക്കുന്നുവോ അവയൊക്കെയും കന്യാസ്ത്രീ ദൈവമാതാവിനെയും ശുശ്രൂഷിക്കുന്നു. എന്നും അപ്രകാരം തന്നെ മാലാഖമാരും മനുഷ്യരും ആകാശത്തിലും ഭൂമിയിലും ഉള്ള സമസ്ത വസ്തുക്കളും ദൈവാധികാരത്തിന് കീഴ്പ്പെട്ടിരിക്കുന്നത് പോലെ കന്യാസ്ത്രീ ദൈവമാതാവിനും അധീനങ്ങളായിരിക്കുന്നു'.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പരിശുദ്ധ കന്യകയായ അമലോത്ഭവ മറിയത്തിൽ നിന്നു പിറന്ന ക്ഷണം മുതൽ ഈശോ തന്റെ മാതാവിന് ഇടവിടാതെ കീഴ്വഴങ്ങി അവിടുത്തെ കൽപനകളെ കൃത്യമായി നിറവേറ്റുന്നു. കാനായിലെ കല്യാണ വിരുന്നിൽ അത്ഭുതത്തിനുള്ള

സമയം വന്നില്ലായെന്നു പറയുന്നെങ്കിലും ഈശോ തന്റെ അമ്മയുടെ നേരെയുള്ള സ്നേഹത്തെപ്രതിയും ആ രാജ്ഞിയെ ബഹുമാനിക്കുന്നതിനായിട്ടും മറിയത്തിന്റെ അപേക്ഷ പ്രകാരം അത്ഭുതം ചെയ്ത് വെള്ളം വീഞ്ഞാക്കുന്നു. ഈ സംഭവത്തിൽ നിന്ന്! മതദ്വേഷികളുടെ അഭിപ്രായപ്രകാരം ഈശോ തന്റെ മാതാവിന്റെ അപേക്ഷയേയും ആഗ്രഹത്തെയും നിവൃത്തിക്കാതെയിരിക്കയില്ല. പ്രത്യുത ഈ നാഥയുടെ നേരെ ഭക്തിയും സ്നേഹവും കാണിച്ച സകല സന്തതികളെക്കൊണ്ടും അവളെ ഭാഗ്യവതിയെന്ന് വിളിക്കുവാൻ ഇടയാക്കി എന്നതാണ് വിശദമാകുന്നത്.

ദിവ്യരക്ഷകനായ ഈശോ വിശുദ്ധ കുർബാനയിൽ നമുക്ക് ആഹാരമായി തന്നശേഷം കുരിശിൻ ചുവട്ടിൽ വച്ച് തന്റെ മാതാവിനെ ത്തന്നെ നമുക്കു മദ്ധ്യസ്ഥയും നാഥയുമായി തരുന്നു. കുരിശിൽ തൂങ്ങിക്കിടക്കയിൽ വിശുദ്ധ യോഹന്നാനെ നോക്കി പരിശുദ്ധ കന്യകയെ കാണിച്ചുകൊണ്ട് 'ഇതാ നിന്റെ അമ്മ' എന്നും തന്റെ അമ്മയെ നോക്കി 'സ്ത്രീയെ! ഇതാ നിന്റെ പുത്രൻ' എന്നു അവിടുന്നു അരുളിച്ചെയ്തു. തൽക്ഷണം മുതൽ മനുഷ്യവർഗ്ഗം മുഴുവനേയും ഉദ്ദേശിച്ച് യോഹന്നാനെ ചൂണ്ടിക്കാണിച്ചതു കൊണ്ട് സകല മനുഷ്യരും ഈ പരിശുദ്ധ കന്യകയുടെ പുത്രന്മാരും അവിടുന്ന്! സകല ജനങ്ങളുടെയും മാതാവും മദ്ധ്യസ്ഥയുമായിത്തീർന്നു. ഇവയിൽ നിന്ന്! ദിവ്യരക്ഷകനായ ഈശോമിശിഹായ്ക്കു തന്റെ പരിശുദ്ധ മാതാവിന്റെ നേരെയുള്ള സ്നേഹവും ഭക്തിയും അവർണ്ണനീയമെന്ന് തെളിയുന്നില്ലയോ?. മിശിഹാ കഴിഞ്ഞാൽ അവിടുത്തെ മാതാവിനെ സകല! സൃഷ്ടികളെയുംകാൾ! അധികമായി ഏവരും സ്നേഹിക്കണമെന്നും ബഹുമാനിക്കണമെന്നും ഈശോയുടെ ദൃഷ്ടാന്തങ്ങളിൽ നിന്നുതന്നെ വ്യക്തമാകുന്നില്ലയോ?

പരിശുദ്ധ ജനനിയെ സകല ജനങ്ങളുടെയും മദ്ധ്യസ്ഥയും നാഥയുമായി നമുക്കു തന്നിരിക്കയിൽ നമ്മുടെ ആശ്രയവും ശരണവും ഈ അമ്മയായിരിക്കുന്നുവെന്നറിയേണ്ടത് ആവശ്യമാണ്. മിശിഹായുടെ ദിവ്യഹൃദയത്തിലെ അനുഗ്രഹങ്ങളെയും നിക്ഷേപങ്ങളെയും ലഭിക്കുവാൻ പരിശുദ്ധ അമ്മ വഴിയായി അപേക്ഷിക്കുന്നത് ഈ ദിവ്യഹൃദയത്തിനു ഏറ്റം പ്രസാദിക്കുന്ന ഒരു കാര്യമാകുന്നു. എന്തുകൊണ്ടെന്നാൽ സകലതും മറിയം വഴിയായി അപേക്ഷിക്കുന്നുവെങ്കിൽ ലഭിക്കാതെ വരികയില്ലായെന്നു ബർണ്ണാദു പുണ്യവാൻ പഠിപ്പിക്കുന്നു. ആയതിനാൽ മിശിഹായുടെ ദിവ്യഹൃദയാനുഗ്രഹങ്ങളെ ധാരാളമായി കൈക്കൊള്ളുവാനും അവിടുത്തെ പ്രീതി സമ്പാദിക്കുവാനും പരിശുദ്ധ മറിയത്തെ ബഹുമാനിക്കുവാനും സ്നേഹിക്കുവാനും ചെയ്യുവാൻ നമുക്കു ആത്മാർദ്ധമായി പരിശ്രമിക്കാം.

ജപം

ഈശോയുടെ കൃപ നിറഞ്ഞ ദിവ്യഹൃദയമേ! അങ്ങേ ഞാൻ ആരാധിക്കുന്നു. പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നു. കർത്താവേ! അങ്ങേ മാധുര്യം നിറഞ്ഞ ഹൃദയം അങ്ങേ മാതാവായ പരിശുദ്ധ കന്യകമറിയത്തെ സ്നേഹിക്കുന്നതുപോലെ, ഈ അമ്മയെ ബഹുമാനിക്കുന്ന ആത്മാക്കളെയും അതിവാത്സല്യത്തോടെ സ്നേഹിക്കുന്നുവെന്ന് അറിയുന്നതിൽ മഹാപാപിയായ ഞാൻ അത്യന്തം സന്തോഷിക്കുന്നു. അങ്ങേ പരിശുദ്ധ അമ്മയുടെ അപേക്ഷയെ ഞാൻ ഒരിക്കലും ഉപേക്ഷിക്കായില്ലായെന്ന് അങ്ങുതന്നെ എന്നെ പഠിപ്പിച്ചിരിക്കയിൽ എന്റെ ശരണം മുഴുവനും ഈ അമ്മയിൽ വയ്ക്കാതെയിരിക്കുന്നതെങ്ങനെ? സ്നേഹം നിറഞ്ഞ ഈശോയെ! എന്റെ ജീവിതകാലത്തിൽ അങ്ങയുടെയും അങ്ങേ പരിശുദ്ധ ജനനിയുടെയും സ്നേഹത്തിൽ നിലനില്പ്പാനും അങ്ങേ വളർത്തു പിതാവായ മാർ യൗസേപ്പ് നിങ്ങളുടെ തൃക്കരങ്ങളിൽ തന്റെ പരിശുദ്ധാത്മാവിനെ കയ്യേൽപ്പിച്ചതുപോലെ 'ഈശോ മറിയം യൗസേപ്പേ! നിങ്ങളുടെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ കയ്യേൽപ്പിക്കുന്നു' വെന്ന് ചൊല്ലി നിങ്ങളുടെ തിരുനാമങ്ങൾ മനസ്താപത്തോടും സ്നേഹത്തോടും കൂടെ ഉദ്ധരിച്ച് എന്റെ ഈ ലോകജീവിതം അവസാനിപ്പിക്കുന്നതിനും കർത്താവേ എനിക്കു ഇടവരുത്തിയരുളണമേ.

## പ്രാർത്ഥന

കർത്താവേ, അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തരുളേണമേ. ഞങ്ങളുടെ പിതാവായ പരിശുദ്ധ പാപ്പായെ സംരക്ഷിക്കണമേ. എല്ലാവരും അങ്ങേ ഏക സത്യസഭയെ അറിഞ്ഞ് ഏക ഇടയന്റെ കീഴാകുന്നതിന് വേഗത്തിൽ ഇടവരുത്തണമേ! നിർഭാഗ്യ പാപികളുടെമേൽ കൃപയായിരിക്കേണമേ. അനുഗ്രഹത്തിന്റെ അമ്മയായ മറിയമേ, ദിവ്യഹൃദയത്തിൻ നാഥേ! ഞാൻ അപേക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ സകല വരങ്ങളും അങ്ങേ ശക്തമായ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് അങ്ങു വഴിയായി ലഭിക്കുമെന്ന് പൂർണ്ണമായി ഉറച്ചിരിക്കുന്നു. ആമ്മേൻ. (3 സ്വർഗ്ഗ. 3 നന്മ. 3 ത്രി.)

സാധുശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ! ഞങ്ങളുടെ ഹൃദയവും അങ്ങേ ഹൃദയം പോലെ ആക്കണമേ.

## ഈശോമിശിഹായുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമേ,
നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമേ,
കന്യാസ്ത്രീ മാതാവിന്റെ തിരുവുദരത്തിൽ പരിശുദ്ധാരൂപിയാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവവചനത്തോടു കാതലായ വിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ ഈശോയുടെ തിരുഹൃദയമേ,
നന്മയും, സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ ഈശോയുടെ തിരുഹൃദയമേ,
സകല! പുകഴ്ച്ചയ്ക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാൻമാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമേ,
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥിക്കാം

സർവശക്തനമായ നിത്യനമായ സർേവ്വശ്വരാ! അങ്ങേ എത്രയും പ്രിയമുള്ള പുത്രന്റെ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി അദ്ദേഹം അങ്ങേയ്ക്കു കാഴ്ച വെച്ച സ്തുതികളെയും പാപപരിഹാരങ്ങളെയും ഓർത്തു അങ്ങേ കൃപയെ യാചിക്കുന്നവർക്കു ദൈവമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ നിത്യമായി നിന്നോടുകൂടെ ജീവിച്ചു വാഴുന്ന അങ്ങേ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ കൃപയുള്ളവനായി പൊറുതി നൽകിയരുളണമേ. ആമ്മേൻ.

## സുകൃതജപം

തിരുഹൃദയത്തിൻ നാഥേ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

## സൽക്രിയ

ഈശോയുടെ ദിവ്യഹൃദയത്തോട് അപേക്ഷിക്കുന്നതും തന്നിൽ നിന്ന്! ആഗ്രഹിക്കുന്നതുമായ സകല! നന്മകളും തന്റെ മാതാവായ പരിശുദ്ധ കന്യകമറിയം വഴിയായി അപേക്ഷിക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുക.

## ഈശോയുടെ ദിവ്യഹൃദയത്തിനു സ്വയം കാഴ്ച വയ്ക്കുന്ന ജപം

എത്രയും മാധുര്യമുള്ള ഈശോയേ! മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവേ! അങ്ങേ തിരുപീഠത്തിൻ മുമ്പാകെ മഹാ എളിമയോടും വണക്കത്തോടും കൂടി സാഷ്ടാംഗം വീണുകിടക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. ഞങ്ങൾ അങ്ങയുടേതാകുന്നു. സദാകാലവും അങ്ങേ സ്വന്തമായിരിക്കുന്നതിന് ഞങ്ങൾ മനസ്സായിരിക്കുകയും ചെയ്യുന്നു. എന്നാലും കർത്താവേ! ഉറപ്പായിട്ട് അങ്ങയോടു ഞങ്ങളെ ചേർത്തൊന്നിപ്പിക്കുന്നതിനായി ഇതാ ഇന്നെ ദിവസം ഞങ്ങൾ ഓരോരുത്തരും ഞങ്ങളെ മുഴുവനായി അങ്ങേ പരിശുദ്ധ ഹൃദയത്തിനു കാഴ്ച വയ്ക്കുന്നു. ഹാ! കർത്താവേ! അനവധി ആളുകൾ ഇപ്പോഴും അങ്ങയെ അറിയാതെയിരിക്കുന്നു. മറ്റുപലരോ എന്നാൽ അങ്ങേ ഉപദേശങ്ങളെ നിന്ദിക്കുകയും അങ്ങയെ തള്ളിക്കളയുകയും ചെയ്യുന്നു. അനുഗ്രഹം നിറഞ്ഞ ഈശോയേ! ഇവരെല്ലാവരുടെമേലും കൃപയായിരിക്കണമേ. അങ്ങേ തിരുഹൃദയത്തിലേക്ക് അവരെ ചേർത്തരുളേണമേ. കർത്താവേ! അങ്ങേ ഒരിക്കലും പിരിഞ്ഞുപോകാതെ അങ്ങേ വിശ്വാസികളുടെ മാത്രം രാജാവായിരിക്കാതെ അങ്ങയെ വിട്ടകന്നുപോയ ധൂർത്തരായ മക്കളുടെയും രാജാവായിരിക്കണമേ. കഷ്ടാനുഭവവും വിശപ്പും കൊണ്ട് മരിച്ചുപോകാതെ ഞങ്ങളുടെ പിതാവിന്റെ ഭവനത്തിലേക്ക് ശീഘ്രം പിന്തിരിയുന്നതിന് അവർക്ക് അനുഗ്രഹം നൽകണമേ. തെറ്റുകളാൽ വഞ്ചിക്കപ്പെട്ട് അങ്ങേ തിരുസ്നേഹത്തിൽ നിന്നും അകന്നുപോയിരിക്കുന്നവരുടെ മേലും അങ്ങേ ആധിപത്യം സ്ഥാപിക്കുക. സത്യത്തിന്റെ തുറമുഖത്തിലേക്കും അവരെ തിരികെ വിളിച്ചരുളുക. ഇപ്രകാരം വേഗത്തിൽ ഏക ആട്ടിൻകൂട്ടവും ഏക ഇടയനും മാത്രമായിത്തീരട്ടെ. കർത്താവേ! അങ്ങേ തിരുസ്സഭയ്ക്കു സ്വാതന്ത്ര്യം കൊടുത്തരുളുക. ഉപദ്രവങ്ങളൊക്കെയിൽ നിന്നും അതിനെ കാത്തു കൊൾക. എല്ലാ ജാതി ജനങ്ങളുടെയും ഇടയിൽ സമാധാനം സ്ഥാപിച്ചരുളുക. 'ഞങ്ങളുടെ രക്ഷകനായ പരിശുദ്ധ ഹൃദയം വാഴ്ത്തപ്പെട്ടതാകട്ടെ. സദാകാലവും അതിനു സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.' എന്നിങ്ങനെ ലോകത്തിൽ ഒരറ്റം മുതൽ മറ്റേഅറ്റം വരെ നിത്യവും മുഴങ്ങിക്കൊണ്ടിരിക്കുന്നതിനു കൃപ ചെയ്തരുളണമേ. ആമ്മേൻ.

## വിശുദ്ധ കർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോമിശിഹായുടെ തിരുഹൃദയത്തോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരജപം

ഞങ്ങളുടെ ദിവ്യരക്ഷകനായ ഈശോമിശിഹായുടെ തിരുഹൃദയമേ! ഞങ്ങൾ ഏറ്റവും വലിയ പാപികളായിരുന്നാലും അങ്ങേ സന്നിധിയിൽ ഭയഭക്തിവണക്കത്തോടുകൂടെ സാഷ്ടാംഗമായി

വീണ്ടും അങ്ങുന്ന് ഞങ്ങളുടെമേൽ അലിവായിരിക്കണമെന്ന് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പാപങ്ങളെയും നന്ദികേടിനെയും വിചാരിച്ച് ഏറ്റവും മനസ്താപപ്പെടുന്നു. അവ എല്ലാം എന്നന്നേക്കും തള്ളിനീക്കുന്നതിനും ഞങ്ങളാൽ കഴിയുംവണ്ണം അവയ്ക്കു പരിഹാരം ചെയ്യുന്നതിനും ഞങ്ങൾ തുനിയുന്നു. അടിയങ്ങൾ അങ്ങേയ്ക്ക് ചെയ്ത ദ്രോഹങ്ങൾക്കായിട്ടും അജ്ഞാനികൾ, പതിതർ, ദുഷ്ടക്രിസ്ത്യാനികൾ മുതലായവർ അങ്ങേയ്ക്കു ചെയ്ത നിന്ദാപമാനങ്ങൾക്കായിട്ടും ഏറ്റവും ദുഃഖിച്ചു മനസ്താപപ്പെട്ടു അവയെ അങ്ങു പൊറുക്കുകയും സകലരേയും നൽ!വഴിയിൽ തിരിച്ച് രക്ഷിക്കുകയും ചെയ്യണമെന്നു അങ്ങേ സന്നിധിയിൽ പ്രാർത്ഥിക്കുന്നു. അങ്ങേ തിരുഹൃദയത്തിനു ചെയ്യപ്പെടുന്ന നിന്ദാപമാന ദ്രോഹങ്ങളൊക്കെയ്ക്കും, പരിഹാരമായിട്ട് അൽപമായ ഞങ്ങളുടെ ആരാധനാ സ്തോത്രങ്ങളെയും മോക്ഷത്തിൽ വാഴുന്ന സകല മാലാഖമാരുടെയും പുണ്യാത്മക്കളുടെയും ആരാധനാ പുകഴ്ചകളെയും ഭൂലോകത്തുള്ള സകല പുണ്യാത്മാക്കളുടെ സ്തുതിനമസ്കാരങ്ങളെയും ഏറ്റം എളിമ വിനയത്തോടുകൂടെ അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ ഏക ശരണമേ! ഞങ്ങളെ മുഴുവനും ഇപ്പോഴും എന്നേയ്ക്കുമായിട്ട് അങ്ങേ തിരുഹൃദയത്തിനു കാഴ്ച വയ്ക്കുന്നു. നാഥാ! ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങേ കൈവശമാക്കി ശുദ്ധീകരിച്ച് പരിശുദ്ധ ഹൃദയങ്ങളാക്കിയരുളണമേ. ഞങ്ങൾ ജീവനോടു കൂടെയിരിക്കുംവരെയും ഞങ്ങളെ സകല ശത്രുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നും രക്ഷിച്ചരുളണമേ. അങ്ങ് സകല മനുഷ്യർക്കായിട്ടു സ്ലീവാമരത്തിനുമേൽ ചിന്തിയ തിരുരക്തത്തെക്കുറിച്ച് ഈ അപേക്ഷകളെല്ലാം കർത്താവേ! ഞങ്ങൾക്കു തന്നരുളണമേ! ആമ്മേൻ.

+++